# Merry Christmas


അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം (വി. ലൂക്കോസ് 2: 14)

ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു
(വി. ലൂക്കോസ് 2: 10, 11)

ആദിയിൽ ഉണ്ടായിരുന്ന വചനം, ആദിയിൽ പിതാവാം ദൈവത്തോടു കൂടെ ആയിരുന്ന വചനം, നമുക്കു വേണ്ടി ലോകത്തിൽ അവതരിച്ച മഹനീയ മുഹൂർത്തം.

**എല്ലാവർക്കും,**
**സന്തോഷത്തിന്റേയും**
**സമാധാനത്തിന്റേയും**
**അനുഗ്രഹങ്ങൾ നിറഞ്ഞ**
**ഒരു ക്രിസ്തുമസ് നേരുന്നു**

St. Peter
Our Patron
Saint



**Our Patriarch**
H.H. Moran Mor Ignatios Zakha I, of Antioch and All the East



**Our Catholicos**
H.B. Baselios Thomas I



**Our Patriarchal Vicar**
H.G. Pathros Mor Osthatheos



# Editorial



വിശുദ്ധ യോഹന്നാൻ 3:16:- തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

ഒരിക്കൽ കൂടി ക്രിസ്തുമസ് വരവായി. സന്തോഷത്തിൻേറയും ആഘോഷത്തിൻേറയും കാലം. ക്രിസ്തുമസ് കാർഡുകൾ, ക്രിസ്തുമസ് സന്ദേശങ്ങൾ, ക്രിസ്തുമസ് ട്രീകൾ, വിഭവങ്ങൾ, കരോൾ സർവ്വീസുകൾ, ആരാധനകൾ ഇവയെല്ലാം ആനന്ദവും ആഘോഷവും സൂചിപ്പിക്കുന്ന വയാണ്. ക്രിസ്തുമസിൻെറ ആനന്ദം, ദൈവീകമായ രക്ഷയുടെ ആനന്ദമാണ്. പാപം മൂലം തന്നിൽ നിന്നും അകന്നു പോയ മനുഷ്യവർഗ്ഗത്തിൻെറ രക്ഷക്കായി പിതാവാം ദൈവം തൻെറ ഏകജാതനായ പുത്രനെ ലോകത്തിലേയ്ക്ക് അയച്ച് നമ്മോടുള്ള സ്നേഹം വെളിവാക്കി. ആയതിനാൽ ദൈവസ്നേഹത്തിൻേറയും രക്ഷയുടേയും സന്ദേശമാണ് ക്രിസ്തുമസ് നൽകുന്നത്. ദൈവസ്നേഹത്തിൻെറ ഉറപ്പ് രക്ഷയുടെ വാഗ്ദാനം സമാധാനത്തിൻെറ ദൂത് എന്നിവയെല്ലാം ഉൾക്കൊള്ളുന്നു എന്നതിനാലാണ് നാം ക്രിസ്തുമസിൽ സന്തോഷിക്കുന്നതും മനോജ്ഞസാന്ദ്രങ്ങളായ ഗാനങ്ങളാലപിക്കുന്നതും.

എന്നാൽ പലപ്പോഴും ബാഹ്യമായ ആഘോഷങ്ങൾക്കപ്പുറത്തേയ്ക്ക് ക്രിസ്തുമസ് കടന്നു പോകുന്നില്ല എന്നുള്ളതും വിശ്വാസത്തിൻെറ വശം അവഗണിക്കപ്പെടുന്നു എന്നതും നാം വളരെ ഗൗരവമായി തന്നെ കാണേണ്ടതുണ്ട്. നമ്മിലെ വിശ്വാസത്താലുള്ള ദിവ്യതയെ ഉണർത്തുവാനും പാപത്തിൻെറ മാർഗ്ഗങ്ങൾ ഉപേക്ഷിക്കാനും നമ്മെ സഹായിക്കുന്നവയാകണം യെൽദൊ നോമ്പിൻെറ ഈ പുണ്യദിനങ്ങൾ. രക്ഷയുടെ സന്തോഷം ഹൃദയത്തിൽ ഉൾക്കൊണ്ടു കോണ്ട് കരോൾ ഗാനങ്ങളാലപിക്കുവാനും ഹൃദയത്തിൽ രക്ഷകന് പുൽക്കൂടൊരുക്കി ക്രിസ്തുമസ് ആഘോഷിക്കുവാനും നോമ്പിൻെറ ഈ 25 ദിനങ്ങൾ നമ്മെ ഒരുക്കട്ടെ. ക്രിസ്തുമസിൻെറ സന്തോഷം രക്ഷയുടെ ദൂത് എന്നിവ നമുക്കു മാത്രം അനുഭവിക്കാനുള്ളതല്ല. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള ഈ മഹാസന്തോഷം മറ്റുള്ളവരെ കൂടി അറിയിക്കേണ്ട ചുമതലയും നമുക്കുണ്ട്. ലോകമോദങ്ങളാൽ നാം ആകർഷിക്കപ്പെടാതിരിപ്പാനും ക്രിസ്തുയേശുവിലൂടെ സർവ്വജനത്തിനുമായി ദൈവം ഒരുക്കിയ വലിയ രക്ഷ എല്ലാവരും അറിയുവാനും യെൽദോ നോമ്പും ക്രിസ്തുമസ് ആഘോഷങ്ങളും കരോൾ ഗാനങ്ങളുമെല്ലാം സഹായകമായി തീരട്ടെ.

ഒട്ടേറെ പ്രതീക്ഷകളുമായി നമ്മിലേയ്ക്ക് ഓടി അണഞ്ഞ 2012 നമ്മുടെ ജീവിതത്തിൽ നിന്ന്, എന്നേയ്ക്കുമായി വിട പറയുന്നതിന്റെ അവസാന ദിനങ്ങളിലാണ് നാമിപ്പോൾ. നമ്മുടെ ജീവിതയാത്രയുടെ നിർണ്ണായകമായ ഒരു നാഴികകല്ല് കൂടി നാം പിന്നിടുന്നു. ദൈവകരങ്ങളിൽ നിന്ന് ഈ വർഷവും നാം മണിക്കൂറുകളും, ദിനങ്ങളും, ആഴ്ചകളും, മാസങ്ങളും സ്വീകരിച്ചു. പുതു വർഷത്തിലേയ്ക്ക് കടക്കും മുൻപ്, മറയാൻ പോകുന്ന വർഷത്തിലെ പ്രധാന സംഭവങ്ങളിലേക്കൊന്ന് കണ്ണോടിക്കണം. വർഷാവസാനത്തെ ക്കുറിച്ചുള്ള ചിന്ത, ആരംഭത്തിലേയ്ക്ക് നമ്മെ നയിക്കണം. ഈ വർഷത്തിന്റെ ആരംഭം മുതൽ ഇന്നു വരെ എത്രയെത്ര നന്മകൾ നാഥൻ നമ്മിൽ ചൊരിഞ്ഞു. തളർന്നു പോയി എന്നും തകർന്നു പോയി എന്നും പലരും വിധി എഴുതിയപ്പോഴും നാഥൻ തന്റെ നീട്ടിയ ഭുജത്തിൽ താങ്ങിയ എത്രയെത്ര അനുഭവങ്ങൾ. ഓർക്കാനും ഓമനിക്കാനും മനസ്സിൽ സൂക്ഷിക്കാനും ഉതകുന്ന ഒരായിരം അനുഭവങ്ങൾ കൈമുതലായി കിട്ടിയില്ലേ? അദൃശ്യനായ ദൈവത്തിന്റെ സ്നേഹവും കരുതലും ലാളനയുമൊക്കെ അനുഭവിച്ച എത്ര ദിനരാത്രങ്ങൾ. ഇവയ്ക്കൊക്കെ നന്ദി ചൊല്ലേണ്ടതുണ്ട്. എണ്ണിയെണ്ണി സ്തുതിക്കുവാൻ വേണ്ടി എണ്ണമില്ലാത്ത നന്മകൾ ചൊരിഞ്ഞ പ്പോഴും, ദൈവം നൽകിയ നന്മകൾക്ക് കൃതജ്ഞത അർപ്പിക്കാൻ കഴിയാതെ പോയ, മറന്നു പോയ സന്ദർഭങ്ങളെ ഓർത്ത് പശ്ചാത്തപിക്കേണ്ടതുണ്ട്.

അറിഞ്ഞും അറിയാതെയും വന്നു പോയ തെറ്റുകൾക്ക് മാപ്പു ചോദിക്കേണ്ടേ?. പരിഹാരം ചെയ്യേണ്ടേ? തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻ കരുതലുകൾ ഇപ്പോഴേ എടുക്കേണ്ടതില്ലേ? ഇതിനൊക്കെ പിറകോട്ടു തിരിഞ്ഞു നോക്കി ഒരാത്മ പരിശോധന നടത്തേണ്ടതുണ്ട്. ഈ ആത്മ പരിശോധന, ആനന്ദിക്കാനും, അനുതപിക്കാനും, ആരാധിക്കാനും, എല്ലാം പുതുതായി ആരംഭിക്കാനും, പ്രചോദനം നൽകും. കൂടാതെ ജീവിതത്തിലെ അകന്നു പോയ കണ്ണികളെ കോർത്തിണക്കാൻ വേണ്ട ധൈര്യവും. നന്ദിയുടേയും സ്തുതിയുടേയും പശ്ചാത്താപത്തിന്റേയും ഹൃദയത്തോടെ ദൈവസന്നിധിയിൽ നമുക്ക് ശിരസ്സു നമിക്കാം.

"കുഞ്ഞുങ്ങളെ ഇത് അന്ത്യ നാഴിക ആകുന്നു" (1 John 2:18) എന്നാണ് വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്. അന്ത്യ നാഴിക എന്നത്, കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനും, 2-ാം വരവിനും ഇടയ്ക്കുള്ള സമയമാണ്. പരീക്ഷണങ്ങ ളുടേയും പ്രലോഭനങ്ങളുടേയും പീഢനത്തിന്റേയും ഒപ്പം പരിശുദ്ധാത്മ നടത്തിപ്പിന്റേയും കാലം. 2012 ഇതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. നമുക്ക് വിജയങ്ങളും, പരാജയങ്ങളും, പ്രലോഭന ങ്ങളും, ദൈവാത്മനടത്തിപ്പും ഒക്കെ ഉണ്ടായിട്ടുണ്ട്. ദൈവത്തേയും ദൈവീക ദാനങ്ങളേയും അവഗണിച്ച് നാം കടന്നു പോയ അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. "കടന്നു പോകുന്ന ദൈവത്തെ നാം ഭയപ്പെടണം." വി. അഗസ്റ്റീൻ പറഞ്ഞിരിക്കുന്നു.

കൃപാ വരങ്ങളുമായി ഓരോ നിമിഷവും ദൈവം നമ്മെ കടന്നു പോകുന്നുണ്ട്. നാം അത് തിരിച്ചറിഞ്ഞ് സ്വീകരിക്കാറുണ്ടോ എന്ന് ധ്യാനിക്കാം. വർഷാവസാനത്തിൽ സ്റ്റോക്കു തിട്ടപ്പെടുത്തി ലാഭ നഷ്ടങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്ന ബിസിനസ്സു കാരെപ്പോലെ, ജീവിതത്തിലെ ലാഭ നഷ്ടങ്ങൾ തിട്ടപ്പെടുത്താനുള്ള അവസരം കൂടിയാണിത്. പഴയ വർഷം വഴി മാറുമ്പോൾ പുതിയ തീരുമാനങ്ങളോടും ദർശനത്തോടും കൂടെ ജീവിതത്തെ നേരിടാൻ ഇവ നമ്മെ തീർച്ചയായും സഹായിക്കുക തന്നെ ചെയ്യും.

വർഷാവസാനത്തെക്കുറിച്ചുള്ള ചിന്ത, നമ്മെ മരണാനന്തര ജീവിതത്തിലേക്കും നയിക്കാനു തകുന്നതാണ്. വിടരുന്ന പുഷ്പം കൊഴിയും പോലെ, ജനിച്ച മനുഷ്യൻ മരിക്കും. ഈ ലോകത്തിൽ പിറന്നു വീഴുന്ന എന്തിനും ഒരു മരണമുണ്ട്. മരണമില്ലാത്തത് എന്തുണ്ട്? മരിക്കാതൊരു ജീവനുണ്ടോ?

അവസാനിക്കുന്ന ഈ ആണ്ടിനും ഒരാരംഭവും ജീവനും ഉണ്ടായിരുന്നു. ഇപ്പോൾ അത് എന്നേയ്ക്കുമായി മരിക്കുകയാണ്, വിട പറയുകയാണ്. ഇനി ഒരിക്കലും തിരികെ വരാത്തവണ്ണം. പക്ഷേ നാം നിരാശ രാകേണ്ടതില്ല. ഒരു പുതുവർഷത്തിനു ജന്മം നൽകിക്കൊണ്ടാണ് 2012 നമ്മിൽ നിന്നും തിരോഭവിക്കുന്നത്. വർഷാവസാനം പുതു വർഷത്തിലേയ്ക്കുള്ള കവാടം എന്ന പോലെ, മരണവും നിത്യതയിലേക്കുള്ള പ്രവേശന കവാടം മാത്രമല്ലേ? ഈ അനുദിന ജീവിതം നമ്മെ, നിത്യതയെ, അനന്തതയെ ആസ്വദിക്കാൻ സഹായിക്കും. ഈ ഭൂമിയിലെ ജീവിതത്തെ ആധാരമാക്കിയാണു നാം നിത്യതയെ ആലിംഗനം ചെയ്യുന്നത്.

ചോദ്യ പേപ്പർ പുറത്തായതിന്റെ പേരിൽ പരീക്ഷ മാറ്റിവക്കുന്നത് ഭാരതത്തിൽ ഒരു സാധാരണ പ്രതിഭാസം മാത്രമാണല്ലോ. പക്ഷേ പരീക്ഷയുടെ ചോദ്യ പേപ്പർ പുറത്തായിട്ടും മാറ്റി വയ്ക്കാത്ത ഒരു പരീക്ഷയുണ്ട്. നിത്യതയിലെ നമ്മുടെ അവകാശം നിശ്ചയിക്കുന്ന അന്ത്യ വിധി. അന്ത്യ വിധിയിൽ ഉത്തരം കൊടുക്കേണ്ട ചോദ്യങ്ങൾ വി. മത്തായി 25: 35.36 ലൂടെ നമ്മുടെ കർത്താവ് ചോർത്തി തന്നിട്ടുണ്ട്. ഉത്തരമെഴുതുവാൻ ഏതാനും മണിക്കൂറുകളല്ല, ഈ ജീവിതകാലം മുഴുവൻ സാവകാശവും തമ്പുരാൻ നൽകിയിട്ടുണ്ട്. ഓരോ ദിവസവും, ഉത്തരം എഴുതാനുള്ള ഓരോ വെള്ളക്കടലാസ്സു പോലെയാണ്. അതിൽ നന്നായി വൃത്തിയായി എഴുതുവാൻ ശ്രമിച്ചാൽ നിത്യത മനോഹരമായിരിക്കും.

വലതുഭാഗത്തെ ചെമ്മരിയാടുകളേപ്പോലെ വിശക്കുന്നവർക്ക് ഭക്ഷണം കൊടുപ്പാനും ദാഹിക്കുന്നവർക്ക് കുടിപ്പാൻ നൽകാനും, പരദേശികളെ സ്വീകരിപ്പാനും, നഗ്നരെ ഉടുപ്പിക്കാനും, രോഗികളെ ആശ്വസിപ്പിക്കാനും, കാരാഗ്രഹവാസികളെ സന്ദർശിക്കാനും ഇനിയുള്ള ജീവിതം വിനിയോഗിക്കുമെന്ന് നമുക്ക് തീരുമാനമെടുക്കുവാൻ കഴിയുമെങ്കിൽ നാം നിത്യതയിൽ കർത്താവിനോടു കൂടെ ആനന്ദിക്കുവാനിടയാകും. അങ്ങനെ നിത്യതയുടെ അവകാശികളാകുവാൻ തക്ക തീരുമാനങ്ങളാലും ജീവിത ശൈലിയാലും വരും വർഷത്തെ നമുക്ക് ധന്യമാക്കണം.

പഴയ വർഷം പുതിയ വർഷത്തിനു വഴി മാറുമ്പോൾ, ഇന്നലെയും, ഇന്നും എന്നേയ്ക്കും മാറ്റമില്ലാത്തവനായ കർത്താവിൻെറ കരങ്ങളിലേയ്ക്ക്, ജീവിതത്തിൻെറ ചുക്കാൻ നമുക്ക് ഏൽപ്പിച്ചു കൊടുക്കാം. ദൈവം എപ്പോഴും നല്ലവരോടു കൂടെ ഉണ്ടായിരിക്കും.

സ്നേഹപൂർവ്വം,

ക്രിസ്തുവിൽ നിങ്ങളുടെ

ബെന്നി അച്ചൻ



Drawing by: MANUEL BENNY

Congratulations

## "Christmas CAKE"





**Ingredients:-**

| | | |
|---|---|---|
| Sugar | : | 1 Kg |
| Butter | : | 750 gms |
| Egg | : | 20 Pcs |

Caramel & Spices to taste

Egg + Sugar, Butter mix together. Add Pineapple flavor + Raisons and chocolate liquid 1 cup and mix well. Add dry fruits 1 Kg into the mixture. Add 1 Kg wheat flour into it. Mix very well. Add 100 ml Brandy mix together. Keep it for 30 mts.Preheat oven 350 °c cook for 45 mts. Plum cake ready.

***By ELDHO N.C.***

# പറയാതെ വയ്യ

1. സഹോദരങ്ങളെ ഈ കുർബ്ബാന അംഗീകരിക്കപ്പെടുവാൻ നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുവിൻ' എന്ന് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പുരോഹിതൻ വി. മദ്ബഹായിൽ പടിഞ്ഞാറോട്ട് തിരിഞ്ഞ് ജനത്തോട് 'ശുബുക്കോനോ' ചോദിക്കുമ്പോൾ 'കർത്താവ് അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും ബലിയിൽ തിരുമനസ്സാ വുകയും വി. കുർബ്ബാന സ്വീകരിക്കുയും അങ്ങയോടു കൂടെ ഞങ്ങളേയും സംബന്ധിപ്പിക്കുകയും ചെയ്യുമാറാകട്ടെ' എന്ന പ്രതിവാക്യം ചൊല്ലാൻ പള്ളിയകത്ത് വിരലിലെണ്ണാവുന്ന ആളുകൾ!!! ഭയങ്കരവും പരിശുദ്ധവുമായ ഈ ആത്മീയബലി നമുക്കുവേണ്ടി അർപ്പിക്കുവാനൊരുങ്ങുന്ന ദൈവത്തിന്റെ അഭിഷിക്തനുവേണ്ടി പ്രാർത്ഥിക്കാൻ കടപ്പെട്ട നാം അവധിദിവസത്തിന്റെ ആലസ്യത്തിൽ അലസരായിരിക്കുകയായിരിക്കും. വീണ്ടും വി. കുർബ്ബാനയുടെ അവസാനഭാഗത്ത് പുരോഹിതൻ കർത്താവിന്റെ തിരുശരീരരക്തങ്ങൾ ആഘോഷിച്ച് പടിഞ്ഞാറോട്ട് തിരിയുമ്പോൾ പള്ളിയകത്ത് നിറഞ്ഞ് കവിഞ്ഞ് ആളുകൾ...!!! 'എന്താ വൈകിയത്' എന്ന നിശബ്ദമായ ചോദ്യത്തിന് ഒരു നൂറു ന്യായങ്ങൾ നിരത്തുമ്പോൾ ഓർക്കുക, ആദിയോടന്തം ഒരേ പ്രാധാന്യമുള്ള വി. ബലി സ്വർഗ്ഗപിതാവിന് ഏകജാതന്റെ നാമത്തിൽ അർപ്പിക്കുവാനുള്ള ഭൂമിയിലെ മക്കളുടെ അലസത കണ്ട് സ്വർഗ്ഗം കരയുന്നുണ്ടാവണം... 'ശീമോനെ, ഒരു നാഴിക എന്നോടു കൂടെ ഉണർന്നിരിപ്പാൻ നിനക്കു കഴിഞ്ഞില്ലല്ലോ' എന്ന ഹൃദയവേദനയോടുള്ള കർത്താവിന്റെ ചോദ്യം നാമോരോരുത്തവരോടുമല്ലേ....

എല്ലാ ദിവസവും കൃത്യമായി അലാറം വച്ചെഴുന്നേററ് മക്കളെ സ്കൂളിൽ വിടുകയും ജോലിക്കു പോവുകയും ചെയ്യുന്ന നാം ആരാധനയ്ക്കായി പള്ളിയിൽ പോകേണ്ട ദിവസം എത്ര മാത്രം വൈകാമോ അത്രയും നല്ലത് എന്നു ചിന്തിക്കുന്നു. ഏതു നിമിഷവും നഷ്ടപ്പെട്ടേക്കാവുന്ന ജോലിയോ, എന്നെന്നും കൂടെയിരിക്കാമെന്ന് വാഗ്ദാനം ചെയ്ത നമ്മുടെ രക്ഷകനോ നമുക്ക് വലുത്? ആഴ്ചയിലെ 168 മണിക്കൂറും കണ്ണിലെ കൃഷ്ണമണി പോലെ നമ്മെ ഉള്ളം കൈയ്യിൽ കാത്തു പരിപാലിച്ച സ്രഷ്ടാവിന്നു സ്തോത്രബലി അർപ്പിക്കാൻ രണ്ടോ, മൂന്നോ മണിക്കൂർ മാററിവെക്കാൻ സാധിക്കുന്നില്ലല്ലോ നമുക്ക്... എന്നിട്ടും ഈ ദൈവം നമ്മെ സ്നേഹിക്കുന്നു

2. വെറുതെ ഒരു get-tother നു വേണ്ടി പള്ളിയിൽ പോകുന്നവർ ഓർക്കണം; സ്വർഗ്ഗം ഭൂമിയിലേക്ക് താണിറങ്ങുന്ന ആരാധനയുടെ പുണ്യനിമിഷങ്ങളിൽ നമ്മുടെ കണ്ണുനീരുകൾക്കൊപ്പം ദൈവത്തിന്റെ തെരെഞ്ഞെടുക്കപ്പെട്ടവനാകാൻ ഭാഗ്യം ലഭിച്ച പുരോഹിതൻ സർവ്വജനത്തിന്നും വേണ്ടി വി. ബലി അർപ്പിക്കുമ്പോൾ, ക്രോബേന്മാരുടെ തേരായ വി. മദ്ബഹായിൽ ദൈവത്തിന്റെ മാലാഖമാർ ഊരിപ്പിടിച്ച അഗ്നിവാളുകളുമായി കാവൽ നിൽക്കുകയാണ്; കാരണം ദൈവപുത്രന്റെ തിരുശരീരരക്തങ്ങളാണ് അവിടെ ആഘോഷിക്കപ്പെടുന്നത്... ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് അതിനെ ശുദ്ധീകരിക്കുന്നത്. എത്ര അനുഗ്രഹദായകമായ നിമിഷങ്ങൾ, ദൈവം നമുക്ക് നൽകിയ എത്ര വലിയ കൃപ... അത് തിരിച്ചറിഞ്ഞാൽ പിന്നെ എങ്ങനെ നാം അലസരാകും..? ഇത് ആഗ്രഹിച്ചിട്ടും പലവിധകാരണങ്ങളാൽ സാധിക്കാത്തവർ എത്രയോ അധികം ഉണ്ട് നമുക്കുചുററും...

3. നിന്നെ പ്രസവിച്ച മറിയാമും, നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കു വേണ്ടി നിന്നോടപേക്ഷിക്കുന്നു.... ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ' എന്ന് വി. കുർബ്ബാനയുടെ ആരംഭത്തിൽ പുരോഹിതൻ ഉദ്ഘോഷിക്കുമ്പോൾ നീക്കപ്പെട്ട തിരശീലക്കകത്ത് വി. ത്രോണോസിൽ നാം കാണുന്നത് ബേതലഹേമിൽ പുൽത്തൊട്ടിയിൽ ജാതനായ മശിഹായെയാണ്. പിന്നീടങ്ങോട്ട് നാം കർത്താവിന്റെ കൂടെ ജീവിക്കുന്നു.... കാൽവറി വരെ. ഉയിർത്തെഴുന്നേററ് വീണ്ടും വരാമെന്ന് വാഗ്ദാനം ചെയ്ത് സ്വർഗ്ഗാരോഹണം ചെയ്ത രക്ഷകനെ പ്രതീക്ഷിച്ചുകൊണ്ട്, ദൈവത്തിന്റെ സ്ഥാനപതിയായ പുരോഹിതന്റെ സമാധാന ആശീർവാദവും സ്വീകരിച്ച് മടങ്ങുമ്പോൾ..... ക്രിസ്തു എന്റെ ഉള്ളിൽ ജീവിക്കുന്നു എന്ന ആത്മസംതൃപ്തി അനുഭവിക്കാൻ കഴിയുന്നുണ്ടോ.....? ആത്മ പരിശോധന നടത്താൻ വളരെ വൈകിയിരിക്കുന്നു. അനിവാര്യമായ മരണത്തിലേക്ക് ഓരോ നിമിഷവും അടുത്തടുത്തു വരുന്ന ഈ ജീവിതത്തിൽ ദൈവം ദാനമായി തന്ന സകല അനുഗ്രഹങ്ങളേയും ഓർത്ത് നന്ദി പറഞ്ഞ് സ്തുതിക്കുന്നതിനും, പാപങ്ങളെ ഓർത്ത് അനുതപിക്കുന്നതിനും ദൈവം നൽകിയ ഈ അവസരം അവഗണിച്ച് അലസരായി, വിമർശനങ്ങളിലും, കുററപ്പെടുത്തലുകളിലും സന്തോഷം കണ്ടെത്തി അഹങ്കരിക്കുമ്പോൾ ഓർക്കണം... നമ്മെ കാത്തിരിക്കുന്ന മരണത്തിനുശേഷം ഒരു ന്യായവിധിദിവസം വരും..... നഷ്ടപ്പെടുത്തിയ ഓരോ അവസരത്തിനും ദൈവതിരുമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടി വരും. അനുഗ്രഹങ്ങളും സമാധാനവും, ബലിയും, സ്തോത്രവുമായ വി. കുർബ്ബാനയുടെ പ്രാധാന്യം മക്കൾക്ക് പകർന്ന് കൊടുത്ത് പരിശീലിപ്പിക്കാത്ത മാതാപിതാക്കൾ അവർക്ക് വേണ്ടിയും കണക്കു ബോധിപ്പിക്കേണ്ടി വരുമെന്ന് ഓർക്കുക.

4. ബന്ധുമിത്രാദികളാലും, മക്കളാലും, അധികാരികളാലും അവഗണിക്കപ്പെടുമ്പോൾ വേദനിച്ച് അസ്വസ്ഥരാകുന്ന നാം ഓർക്കാറുണ്ടോ... സ്വന്തസൃഷ്ടിയാൽ അവഗണിക്കപ്പെടുന്ന സൃഷ്ടാവായ ദൈവത്തിന്റെ വേദന...... നമ്മുടെ കർത്താവിന്റെ ക്രൂശിലെ അതിഭീകരങ്ങളായ മുറിവുകളിലൊന്നിനു കാരണം ഞാനല്ലേ, എന്റെ അവഗണനയും, അലസതയും, നന്ദിയില്ലായ്മയുമല്ലേ; സഹോദരഹൃദയ ങ്ങളിൽ ഞാനുണ്ടാക്കിയ മുറിവുകളല്ലേ... ഒരു നിമിഷം ഒന്ന് ചിന്തിക്കാമോ..... നമുക്ക് പശ്ചാത്തപിക്കാം, ഏററുപറയാം.... ഇതു വരെ വന്നു പോയ എല്ലാ പിഴകൾക്കും പരിഹാരമായി ഇനിയുള്ള ആരാധനകളിൽ സകുടുംബം ആദിയോടന്തം ഓടിയണയാം.... ഭയത്തോടും, വിറയലോടും സൂക്ഷിച്ചു കൊണ്ട് ദൈവത്തിന്റെ അഭിക്ഷിക്തൻ നമുക്കു വേണ്ടി അർപ്പിക്കുന്ന വി. ബലിയിൽ ഹൃദയം സമർപ്പിക്കാം; മക്കളെ പരിശീലിപ്പിക്കാം. അത് കണ്ട് സ്വർഗ്ഗം സന്തോഷിക്കും, പിശാച് ഓടിമറയും, നമ്മുടെ മരിച്ചു പോയവരുടെ ആത്മാക്കൾ സംതൃപ്തരാവും.... അതിനു ദൈവത്തിന്റെ പരിശുദ്ധാത്മാവ് എല്ലാ ഹൃദയങ്ങളേയും സ്പർശിക്കട്ടെ.....

പ്രാർത്ഥന: സർവ്വശക്തനായ ദൈവമെ വി. കുർബ്ബാനയിൽ ആദിയോടന്തം സമ്പന്ധിക്കുവാൻ തടസ്സമായി നിൽക്കുന്ന എല്ലാ പ്രതിബന്ധങ്ങളേയും അങ്ങ് നീക്കിക്കളയേണമെ.... പൈശാചിക പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള സർവ്വായുധവർഗ്ഗം ഞങ്ങളെ ധരിപ്പിക്കേണമെ... ആമേൻ.

***ആശംസകളോടെ,***
***ലീന ബെന്നി***



# Rain Rain

**By: Leela Alexander**

**Rain rain do come again ,Cause you offer much to gain**
**Rain rain you sprinkle showers, you bring happiness to the flowers**
**Rain rain you make the garden nourish, you make every one to flourish**
**Rain rain you make kids play on the path and make animals to take a bath..**
**Show us your charm make us all cool and calm.**

**(Samra Haq)**

You like walking in the rain? Me.. yes I do, so much. As a teacher when I scolded students drenched in rain ( it rains two or three times only here in one year ), returning late after recess to the class I whisper to myself ..even at this age I like to stand in the rain. In childhood we children were pushed to stand in the rain as a remedy for prickly heat boils we got in summer. There was no fear of acid rain in those days!

**Was there rain before Noah's time?** For God had not caused it to rain upon the earth and there was not a man to till the ground, but there went up a mist from the earth and watered the whole face of the ground.( Genesis2: 5,6) Rain is not mentioned until Noah's time. When Noah told about the flood people were not a least bit concerned because they had not seen rain or flood(?) No one had ever seen rain before the flood!

Rain has been thought of now as a blessing by all. 'As the rain and snow come down and stay upon the ground to water the earth and cause the grain to grow and produce seed for the farmer and bread for the hungry'( Isaiah 55.10 ) What about the lightning and thunder? It adds tons and tons of nitrates to the soil as it can combine atmospheric Nitrogen and Oxygen and dissolve it in rain to nourish the plants...what a wonderful phenomenon, what a creation? When we run inside and hide under the blankets during thunderstorm the leaves of the trees are clapping and celebrating the supply of nutrients naturally from heavens. Have you not seen plants growing well after thunder and rain? How clean, fresh and cool the atmosphere appears after a rain !


Rain rain do come again .

## Announcements

1. Christmas Carol Gropu will be visiting your residence from 10th December onwards between 7 and 11 PM.
2. Christmas Tree, Star, Cake, competitions will be held on 21st December.
3. **Cottage Prayer Meeting** will be on 28th December at the residence of Mr. Anson P. Isaac
4. Sunday School children's competitions will be on 16th and 17th December.
5. Sunday School Annual Examination will be on 28th December

## Are You Bible Literate?

## Bible Crossword # 10 (December 2012)






**Leela Alexander**

Leela Alexander

**ACROSS**

**1** Who got to ride in Pharaoh's second chariot?

**3** Which king was noted as a fast and furious chariot driver?

**4** Which liberator was found floating in a basket in the river?

**5** Who had a servant who saw a hillside covered with chariots of fire?

**6** Who ran up to hm when the ethiopean eunuch was in the chariot?

**9** Who took off in his chariot when his tax collector was stoned by the people?

**10** Which apostle owed his life to a basket?

**12** Which mighty nation had its chariots ruined in the Red Sea?

**13** Which Syrian rode up to Elijah's house in a chariot?

**DOWN**

**1** Which king burned the chariots of the sun?

**2** Who had a vision of four chariots driven out from between two mountains?

**5** which prophet's exit is associated with chariots of fire?

**7** Which king had 1400chariots and 12,000 horses?

**8** Which tribe was given six covered wagons to take the tabernacle and its furnishings?

**11** Who rode into battle in a chariot but was fatally wounded by an assyrian arrow?


This is the tenth and the last in the series of Bible crossword puzzles for 2012. All the clues are about things on wheels and things in baskets mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter. **As this is the last Bible crossword this year, the answers have to reach the Church News editor within 10 days.** Only then the annual award winners for the year 2012 will be decided and the trophies for them will be given on New Year Day 2013

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is

**ocalex@batelco.com.bh, ocalexleela@gmail.com**

**Useful References: 2Kings 2, 1Kings 10, Acts 8, Zechariah 6, 2Kings 23, 1Kings 12, Genesis 41, Numbers 7, Exodus 14, 1Kings22, 2Kings 5, 2Kings 9, 2Kings 6, Acts 9, Exodus 2.**

**Solution to Bible Crossword November 2012**




Announcements

## ELECTION GENERAL BODY

**Election General Body will be on the 14th day of December, 2012, after the Holy Qurbana. All members eligible to sit in the GB are requested to attend**

**Winners of Bible Crossword November 2012**

| | | |
|---|---|---|
| Acsah Elizabeth Abraham | Flemy P. Eby | Sarah Laji |
| Akhil Basil Paulose | George K. Laji | Sebine Scaria |
| Aneena Mary Abraham | Irene Elizabeth Mathew | Serene Scaria |
| Anjana Mariam Roy | Jeeba C. Biju | Sharon Paul |
| Anju Paulose | Jibu Joseph Biju | Sherin Susan Isaac |
| Athira Sabu | Johann Agith | Shruti Ann Isaac |
| Chithira Sabu | Kamal Baby Paul | Sofia C. Paul |
| Christin Paul | Liya Sara Joseph | |
| Christy Mary | Mahal Mani Ulahannan | |
| Dan Abraham | Merin Mary Basil | |
| Elaine Agith | Merlin Mary Basil | |
| Erwin Mary Mathew | Milan Mani Mathew | |

**Congratulations**

*Leela Alexander*

## ക്വിസ്സ് നമ്പർ 9 (വി. യോഹന്നാൻ 1 14)

1. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനെ ഒടുക്കത്തെ നാളിൽ എന്തു ചെയ്യുമെന്നാണ് യേശു പറഞ്ഞത്?
2. യേശു കരഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്ന ഏക സന്ദർഭം ഏത്?
3. ജഡത്താൽ ജനിച്ചത് ജഡമാകുന്നു, ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു, ആരാരോടു പറഞ്ഞു?
4. ഈ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന, യേശു ശാബതിൽ ചെയ്ത രണ്ട് അത്ഭുത പ്രവൃത്തികൾ ഏതെല്ലാം?
5. മോശെയുടെ ന്യായപ്രമാണത്തിൽ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ എന്തു ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്?
6. റബ്ബീ, എന്നു വെച്ചാൽ ഗുരോ, നീ എവിടെ പാർക്കുന്നു എന്ന യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യത്തിനു യേശു പറഞ്ഞ മറുപടി എന്ത്?
7. കർത്താവേ നീ എന്റെ കാൽ കഴുകുന്നുവോ എന്നു ചോദിച്ച പത്രോസിനോട് യേശു പറഞ്ഞത് എന്താണ്?
8. വിൽക്കുന്നവരെയും, പൊൻവാണിഭക്കാരെയും പുറത്താക്കുവാൻ യേശു ഉപയോഗിച്ച ആയുധം എന്തായിരുന്നു?
9. ഞങ്ങൾ മശിഹായെ, എന്നു വച്ചാൽ, ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു, ആരാരോടു പറഞ്ഞു?
10. മുപ്പത്തെട്ട് ആണ്ട് രോഗം പിടിച്ച മനുഷ്യനെ യേശു സൗഖ്യമാക്കിയതിനു ശേഷം അവനെ ദൈവാലയത്തിൽ വച്ചു കണ്ടപ്പോൾ യേശു അവനോട് പറഞ്ഞ കാര്യം എന്ത്?
11. ശിലോഹാം എന്ന വാക്കിന്റെ അർത്ഥം എന്ത്?
12. നിനക്കു പ്രിയമായവൻ ദീനമായിക്കിടക്കുന്നു എന്നു മാർത്തയും മറിയയും യേശുവിന്റെ അടുക്കൽ ആളയച്ചു പറയിച്ചപ്പോൾ, യേശു അതു കേട്ടിട്ട് പറഞ്ഞതെന്താണ്
13. പെസഹായ്ക്ക് എത്ര ദിവസം മുമ്പാണ് യേശു അവസാനമായി ബെഥാന്യയിലേയ്ക്ക് ചെന്നത്?
14. കർത്താവേ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണം എന്നു യേശുവിനോട് പറഞ്ഞതാര്?
15. യവനന്മാർ യേശുവിനെ കാണുവാൻ ആഗ്രഹിക്കുന്ന വിവരം യേശുവിനെ അറിയിച്ചതാരെല്ലാം?

## ക്വിസ്സ് നമ്പർ 8 (യോശുവ 12 24)
## ഉത്തരങ്ങൾ

1. 85 (14: 10)
2. മൂന്നു പേരെ വീതം (18: 3, 4, 8)
3. ആഖാൻ (22: 20)
4. യോസാഫിന്റെ മക്കൾ യോശുവയോട് (17:14)
5. ബിലെയാം (13: 22)
6. ശേശായി, അഹീമാൻ, തൽമായി (15: 14)
7. എഫ്രയീം മലനാട്ടിലുള്ള തിമ്നത്ത് = സേരഹ് (19: 50)
8. അമ്മോന്യരുടെ രണ്ടു രാജാക്കന്മാരെ (24: 12)
9. ശെലോഫഹാദിന്റെ മക്കൾക്ക് (17: 3)
10. കനാന്യർ (16: 10)
11. ആശേർ മക്കളുടെ ഗോത്രത്തിനു (19: 24)
12. യുദ്ധവീരനായിരുന്നതു കൊണ്ട് (17: 1)
13. 6 (20: 7, 8)
14. ബെന്യാമീൻ മക്കളുടെ (18: 11)
15. സേയീർ പർവ്വതം (24: 4)

## ക്വിസ്സ് നമ്പർ 8
## വിജയികൾ

Aleyamma Thomas
Aneena Mary Abraham
Anju Paulose
Bisy Eby
Christy Mariam Reji
Elsy Abraham
Giley Susan Mathew
Jean Sara Agith
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Sunil
Mercy Abraham
Moly Baby
Rini Mathew
Sezil Baby
Shaiby Baby
Shelby Jacob
Zibi Benny

### അഭിനന്ദനങ്ങൾ



ഉഷ അച്ചൻകുഞ്ഞ്

For unto you is born this day in the city of David a Saviour, which is Christ the Lord.
And this be a sign unto you: Ye shall find the babe wrapped in swaddling clothes, lying in a manger.

(St. Luke: 2: 11, 12)



# Marvelous Love

by Bill Bright



On a cold Christmas Eve in 1952, when Korea was in the throes of civil war, one young woman struggled along a village street, obviously soon to deliver a child. She pleaded with passersby,
*"Help me! Please. My baby."*

No one paid any attention to her.
A middle-aged couple walked by. The wife pushed away the young mother and sneered,
*"Where's the father? Where's your American man now?"*
The couple laughed and went on.
The young woman almost doubled up from a contraction as she watched them go.
*"Please . . ."* she begged.
She had heard of a missionary living nearby who might help her. Hurriedly, she began walking to that village. If only he would help her baby. Shivering and in pain, she struggled over the frozen countryside. But the night was so cold. Snow began to fall. Realizing that the time was near to deliver her baby, she took shelter under a bridge. There, alone, her baby was born on Christmas Eve.

Worried about her newborn son, she took off her own clothes, wrapped them around the baby and held him close in the warm circle of her arms.

The next day, the missionary braved the new snow to deliver Christmas packages. As he walked along, he heard the cry of a baby. He followed the sound to a bridge. Under it, he found a young mother frozen to death, still clutching her crying new born son. The missionary tenderly lifted the baby out of her arms.
When the baby was 10 years old, his now adoptive father told him the story of his mother's death on Christmas Eve.
The young boy cried, realizing the sacrifice his mother had made for him.
The next morning, the missionary rose early to find the boy's bed empty. Seeing a fresh set of small footprints in the snow outside, he bundled up warmly in a winter coat and followed the trail. It led back to the bridge where the young mother had died.
As the missionary approached the bridge, he stopped, stunned. Kneeling in the snow was his son, naked and shivering uncontrollably. His clothes lay beside him in a small pile. Moving closer, he heard the boy say through chattering teeth:
*"Mother, were you this cold for me?"*
That story reminds me of another mother and Son who sacrificed so much. One winter night, Jesus left his home, His glory and the warmth of heaven to be born in a stable to an unwelcome world. Just before He was born, Mary, His mother, was not welcome in any of the cozy inns in Bethlehem. Instead, she delivered her baby in the darkness of a cold stable. The Creator of the Universe, the Perfect Judge who could destroy the world with a single word, was willing to endure this inauspicious beginning for you and me. That is unconditional love!

We who have experienced God's unconditional love are commanded to share that love with others. John writes in 1 John 4:11,
"*Dear friends, since God loved us that much, we surely ought to love each other*" (New Living Translation).


God wants us to express His supernatural love to others. We become examples of God's love to the world as we love our neighbors through the enabling of His Holy Spirit.

My prayer for you is the same as Paul's prayer for the believers in Ephesians 3:17,18:
"*May your roots go down deep in to the soil of God's marvelous love. And may you have the power to understand, as all God's people should, how wide, how long, how high, and how deep His love really is*" (NLT ) .

You may confess, "I don't have that kind of love to share with anyone." To experience God's supernatural love, claim it by faith. We have the potential to love anyone God puts in our path. One of the greatest lessons I have learned in my Christian life is "how to love by faith."
When we by faith invite God's unconditional love to flow through us, we will discover a rekindled love that is alive and well. That is true for an "unlovable" spouse, boss, employee, or anyone.

Nothing breaks the hardened ground of unforgiveness and bitterness like sincere acts and words of love. Sometimes you and I, by faith, must take the first step of restoration. A positive response may not be immediate, but keep on loving and reaching out. There is no power on earth stronger than God's supernatural love.


പരിശുദ്ധനായ പരുമല തിരുമേനി
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ



**Saji Mathai & Family**



**SHRUTI ANN ISAAC**

**Happy Birthday**



24.12.2012

## MEMBERS' WELFARE SCHEME GET TOGETHER & GALA DINNER

Official Inaguration of the Free Insurance Scheme for our Members (Members' Welfate Scheme – MWS) was lighted on 23.11.2012 at the Gala Dinner Programme held at the Indian School Auditorium. Our Vicar Fr. Benny Abraham, Indian Embassy Second Secretary Mr. Gaurav Gandhi, Vicar of St. Mary's Church Rev. Fr. Jacob Koshy and The Indian School Chairman Mr. Abraham John were present. Prizes were distributed to the Adults Competition winners and Mrs. Molly Baby was crowned as the "Knight of St. Peter 2012". More than 750 members attended the function and enjoyed the cultural programme of our members and participated in the Gala Dinner.
























## അനുശോചന സന്ദേശങ്ങൾ

ശ്രീ. മനു മാത്യുവിന്റെ പിതൃസഹോദരൻ;

ശ്രീ. ജെഴ്സൻ ചിററിലപ്പിള്ളിയുടെ മാതൃസഹോദരൻ;

ശ്രീ. ജസ്റ്റിന്റെ (ഏലിയാസ് കെ. ജേക്കബ്) ഭാര്യ ശ്രീമതി. സിമിയുടെ പിതൃസഹോദരൻ;

ശ്രീ. സുനിൽ സി. പി. യുടെ പിതൃസഹോദരി

എന്നിവർ കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതർക്കു വേണ്ടി പ്രത്യേക ധൂപപ്രാർത്ഥന നടത്തി.

പരേതാത്മക്കളുടെ നിത്യശാന്തിക്കായി സർവ്വശക്തനോട് പ്രാർത്ഥിക്കുന്നതോടൊപ്പം, സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു

## അനുമോദനങ്ങൾ



*വിവാഹ മംഗളാശംസകൾ*

നവംബർ മാസം ഇരുപത്തിയഞ്ചാം തീയതി വിവാഹിതരായ സോണി, ഗീതു ദമ്പതികൾക്ക് അനുമോദനങ്ങളും ആശംസകളും നേരുന്നു.

സന്തോഷകരവും സംതൃപ്തവുമായ ഒരു കുടുംബ ജീവിതം സർവ്വേശ്വരൻ ഇവർക്ക് നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.



Name: **AJO JOY (A 068), Tel.: 33885437**
Address: Flat 24, Bldg. 3506, Rd. 2832, Jidhali
In India: Panayil,Malayidonthuruth,Ernakulam,Kerala
Tel.: 084-6416625
Area Unit: HERMON



Name: **AGOSH NINAN (A 069), Tel.: 39610768**
Address: Flat 1, Bldg. 1442, Rd. 2141, Jidhali 721
In India: Agosh Nivas,Puthiyaveettil, Olassa P.O., Kottayam, Kerala
Tel.:
Area Unit: HERMON



Name: **ABIN KURIAKOSE (A 070), Tel.: 36292746**
Address: Bldg. 1588, Rd. 5141, Askar 951
In India: Edakkudy,Asamannoor P.O., Ernakulam, Kerala 683549
Tel.: 9947712369
Area Unit: BETHEL



Name: **BINU ABRAHAM (B 104), Tel.: 33853813**
Address: Flat 13, Bldg. 1301, Rd. 4334, Arad 243
In India: Kochuparampil,Cheeranchira P.O.,Kottayam, Kerala
Tel.: 0481-2474340
Area Unit: JOPPA



Name: **BIJU GEORGE (B 105), Tel.: 34366437**
Address: Villa 824, Rd. 2429, Muharraq 224
In India: Puthuvakath, Kummanam, Kottayam, Kerala
Tel.: 0481-2516270
Area Unit: JOPPA



Name: **BINOJ ALIAS (B 108), Tel.: 34394585, 33433783**
Address: Flat 23, Bldg. 24/90, Rd. 164, Tubli 701
In India: Vellangal, Murampathi P.O., Kozhikode, Kerala
Tel.: 09048828788
Area Unit: HERMON



Name: **BENNY VARGHESE (B 109), Tel.: 39125243**
Address: Flat 21, Bldg. 1386, Rd. 1234, Gufool 312
In India: Manayathukudiyil, Murampathy P.O., Kozhikode, Kerala
Tel.: 09847933281
Area Unit: BETHANY



Name: **BABY M.P. (B 110), Tel.: 38852099**
Address: Flat 205, Bldg. 29, Rd. 356, Sasa Avenue, Manama 302
In India: Moonnupeediackal, Yordhanapuram P.O., Ernakulam, Kerala
Tel.: 0484-2617221
Area Unit: BETHSAIDA



Name: **ELDO KURIAKOSE (E 048), Tel.: 33934282**
Address: Bldg 1072, Rd. 321, Sh. Hamad Road, Manama
In India: Parappurathu, Vadayampady P.O., Ernakulam, Kerala
Tel.: 0848-2761671
Area Unit: BETHSAIDA



Name: **ELDHOSE BABU (E 049), Tel.: 34503544**
Address: Flat 21, Bldg. 591, Rd. 1218, Gufool 312
In India: Alummoottil, Allapra P.O., Ernakulam, Kerala
Tel.: 0484-2590937
Area Unit: BETHANY



Name: **EDDIN JAISON VARUGHESE (E 050), Tel.:**
Address: Flat 404, Bldg 325, Rd. 1111, Manama 311
In India: Villa 20, Cinco Garden, Vadavathoor, Kottayam, Kerala
Tel.: 09605105658
Area Unit: THABORE



Name: **EBIN PAULOSE (E 051), Tel.: 36828183**
Address: Bldg 1593, Rd. 3845, Juffair 338
In India: Thompikkottu,Muvattupuzha, Ernakulam, Kerala
Tel.: 0485-2549454
Area Unit: JERUSALEM



Name: **GIBIN THOMAS (G 036) – Tel.: 36191130**
Address: Zinj
In India: Kavanal, Puthencruz P.O., Ernakulam, Kerala
Tel.:
Area Unit: JERUSALEM



Name: **GEORGY THOMAS (G 037) – Tel.: 36665038 / 39188764**
Address: Flat 21, Bldg 309, Rd. 311, Manama 336
In India: Vengasseril, Thiruvalla P.O., Pathanamthitta, Kerala
Tel.: 0469 - 2631645
Area Unit: BETHSAIDA



Name: **JOMON P. MATHEW (J 097) – Tel.: 36490435**
Address: Flat22 A, Bldg. 321, Gudaibiya Ave., Gudaibiya 123
In India: Pattasseril, Piravom P.O., Ernakulam, Kerala
Tel.: 0485 - 2241077
Area Unit: THABORE



Name: **JAI THOMAS THATTAYATHU (J 098) – Tel.: 39987530**
Address: Flat 11, Near Haji Ali Haji, Sh. Hamad Road
In India: Thattayath, North Mazhavannoor, Ernakulam, Kerala
Tel.: 08129 462530
Area Unit: BETHSAIDA



Name: **NICKY JACOB (N 011) – Tel.: 33568615**
Address: Flat 31, Bldg. 1208, Rd. 2833, Sugaya 328
In India: Ettukadavil, Kurichy P.O., Kottayam, Kerala
Tel.: 0481 - 2322180
Area Unit: BETHEL



Name: **PRAVEEN V. VARUGHESE (P 031) – Tel.: 33269256**
Address: Flat 1, Bldg. 25, Rd. 28, Arad 241
In India: Vellappallil, Puthupally P.O., Kottayam, Kerala
Tel.: 0481 - 2379695
Area Unit: JOPPA



Name: **PRAVEE M. KOSE (P 032) – Tel.: 33473147**
Address: Flat 63, Aziz Building, Juffair
In India: Marangattu, Kuruppampady P.O., Erbakulam, Kerala
Tel.: 0484 - 2659613
Area Unit: JERUSALEM



Name: **SINU C. KURIAKOSE (S 130) – Tel.: 34356141**
Address: Flat 24, Bldg. 3506, Rd. 2832, Jidhali
In India: Cheruvillil, Vadavucode P.O., Ernakulam, Kerala
Tel.: 0484 - 2732119
Area Unit: HERMON



Name: **SHIJU AVALUMCHOTTIL POULOSE (S 131) – Tel.: 36746613**
Address: Flat 23, Bldg. 131, Rd. 101, Manama 301
In India: Avalumchottil, Kumbleri P.O., Wayanad, Kerala
Tel.: 09526 - 329704
Area Unit: BETHSAIDA



Name: **SHIBU JOY (S 132) – Tel.: 33048559**
Address: Bldg. 656, Sitra
In India: Chembakottu, Kayanna P.O., Kozhikode, Kerala
Tel.: 09846 - 890632
Area Unit: SION



Name: **SAJEEVE PHILIP (S 133) – Tel.: 36353876 / 39517572**
Address: Flat 21, Bldg. 369, Rd. 1013, Salmaniya 310
In India: Kalarickal, Kanjiram P.O., Kiliroor, Kottayam, Kerala
Tel.: 0481 - 2381713
Area Unit: BETHLEHEM

*Merry Christmas*